(ഇ) കണ്ണൂർ ജില്ല പ്രാദേശിക വികസന അതോറിറ്റിയിൽ ആരൊക്കെയാണ് അംഗങ്ങൾ എന്ന് പേർ സഹിതം വെളിപ്പെടുത്താമോ;

(എഫ്) ജില്ലാ പ്രാദേശിക വികസന സമിതിയിൽ നോമിനേറ്റഡ് അംഗങ്ങൾ ഉണ്ടോ?

ഉത്തരം

(എ എഫ്) ജില്ലാ പ്രാദേശിക വികസന അതോറിറ്റികൾ നിലവിലില്ല.

ജീവനക്കാരുടെ പേരിലുള്ള വിജിലൻസ് കേസുകൾ

117 [5262] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിലെ എത്ര ജീവനക്കാരുടെ പേരിൽ വിജിലൻസ് കേസുകൾ നിലവിലുണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കേസുകൾ ചാർജ്ജ് ചെയ്തു;

(സി) മുൻ സർക്കാരിന്റെ കാലത്ത് എത്ര വിജിലൻസ് കേസുകൾ ഉണ്ടായിരുന്നു; എത്രയെണ്ണത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) എന്തെല്ലാം ശിക്ഷണ നടപടികളാണ് കേസുകളുമായി ബന്ധപ്പെട്ട് സ്വീകരിച്ചത്; എത്ര പേർ സർവ്വീസിൽ നിന്നും പുറത്താക്കപ്പെട്ടിട്ടുണ്ട്;

(ഇ) എത്ര കേസുകൾ ഈ സർക്കാർ ഒഴിവാക്കി നൽകിയിട്ടുണ്ട്; ആരുടെയെല്ലാം പേരിലുള്ള കേസുകളാണ് 1996 മുതൽ 31-3-2003 വരെയുള്ള കാലഘട്ടത്തിൽ ഒഴിവാക്കിയതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ധനകാര്യ വകുപ്പിൽ 9 (ഒൻപത്) ജീവനക്കാരുടെ പേരിൽ വിജിലൻസ് കേസ് നിലവിലുണ്ട്. പഞ്ചായത്ത് വകുപ്പിലെ വിവരം ശേഖരിച്ചുവരുന്നു.

(ബി) രണ്ട്. (2) കേസുകൾ ചാർജ്ജു ചെയ്തു.

(സി) മുൻ സർക്കാരിന്റെ കാലത്ത് 11 (പതിനൊന്ന്) കേസുകൾ ഉണ്ടായിരുന്നു. 3 (മൂന്ന്) കേസുകളിൽ നടപടി പൂർത്തിയാക്കിയിട്ടുണ്ട്.

(ഡി) തിരുവനന്തപുരം നഗരസഭയിൽ ഹെൽത്ത് ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. ബി. മോഹനെ കൈക്കൂലി വാങ്ങിയ കുറ്റത്തിന് 17-2-1998-ൽ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തു. സസ്പെൻഷനിൽ നിൽക്കെ തന്നെ 55 വയസ്സ് പൂർത്തിയായതിനെത്തുടർന്ന് 31-3-2001-ൽ സർവ്വീസിൽ നിന്നും വിരമിച്ചു. കൈക്കൂലി വാങ്ങിയ കുറ്റത്തിന് വിജിലൻസ് ചാർജ്ജ് ചെയ്ത കേസിൽ തിരുവനന്തപുരം എൻകയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ 23-4-2002-ലെ ഉത്തരവ് പ്രകാരം ശ്രീ. മോഹനെ ശിക്ഷിച്ച് ജയിലിൽ അടയ്ക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

അടൂർ നഗർസഭയിൽ സെക്രട്ടറിയായിരുന്ന ശ്രീ. എൻ. ചന്ദ്രൻപിള്ളയെ 5-10-2001-ൽ സർവ്വീസിൽ നിന്നും സസ്പെന്റു ചെയ്തു. ടിയാന്റെ പേരിലുള്ള നടപടികൾ പൂർത്തീകരിച്ചുകൊണ്ട് 10-12-2002-ലെ ജി. ഒ. (എം)എസ്.)98/02/വിജിലൻസ് നമ്പർ ഉത്തരവ് പ്രകാരം നിർബന്ധിത പെൻഷൻ നൽകി സർവ്വീസിൽ നിന്നും നീക്കം ചെയ്തു.

കാസർഗോഡ് നഗരസഭയിൽ ബിൽഡിംഗ് ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. വി. വാസുവിനെ വഴിവിൽ കഴിഞ്ഞ സ്വത്തു സമ്പാദിച്ചതിന്റെ പേരിൽ ഉള്ള വിജിലൻസ് അന്വേഷണം സംബന്ധിച്ച് 6-10-1999-ൽ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു. തുടർന്ന് 6-5-2003-ലെ ജി. ഒ. (ആർടി.)166/2003/വിജി. നമ്പർ ഉത്തരവ് പ്രകാരം ടിയാന്റെ സസ്പെൻഷൻ കാലം ക്രമീകരിച്ച് സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്.

(ഇ) ആരുടെയും പേരിലുള്ള വിജിലൻസ് കേസുകൾ സർക്കാർ ഒഴിവാക്കിയിട്ടില്ല.

ശിപായിമാരെ നിയമിക്കുവാൻ നടപടി

118 [5263] ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ പുനർവിന്യാസത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നിയമിക്കപ്പെട്ടിട്ടുള്ള പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എൻജിനീയർ, എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവരുടെ ഓഫീസ് പ്രവർത്തനത്തിന് സഹായികളായി ശിപായിമാരെ നിയമിച്ചിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആവശ്യത്തിന് ശിപായിമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഓഫീസ് പ്രവർത്തനം ആരംഭിക്കാനും താൽക്കാലികമായി ശിപായിമാരെ നിയമിക്കാനും അതാത് തദ്ദേശ സ്വയംഭരണ സമിതിക്ക് അധികാരം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) പൊതുമരാമത്ത്, ജലവിഭവ വകുപ്പ് എന്നീ വകുപ്പുകളിൽ നിന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പുനർവിന്യാസ നിയമനം സംബന്ധിച്ച 4-7-2000-ലെ ജി.ഒ.(പി)186/2000/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം പൊതുമരാമത്ത് അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസുകളിൽ പുനർവിന്യാസ പ്രക്രിയവഴി ശിപായിമാരെ നിയമിക്കേണ്ടതില്ല. എന്നാൽ 31-3-2003-ലെ സ.ഉ. (കൈ) 124/2003/തസ്വഭവ പ്രകാരം തദ്ദേശ സ്വയംഭരണ (പൊതുമരാമത്ത്) എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയങ്ങളിൽ (ജില്ലാ പഞ്ചായത്ത് ഡിവിഷനുകളിൽ) 2 ശിപായിമാരെ വീതം പുനർവിന്യസിച്ച് നിയമിച്ചിട്ടുണ്ട്.

(സി) അധികാര വികേന്ദ്രീകരണ സമിതിയുടെ ശുപാർശയുടെയും അതേ തുടർന്ന് ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് നടത്തിയ പഠനങ്ങളുടെയും അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പുകളിൽ അധികമായി കണക്കാക്കപ്പെട്ടിട്ടുള്ള ജീവനക്കാരെയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കുന്നത്. ഇവരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും മാതൃവകുപ്പുകളിൽ നിന്നാണ് നൽകേണ്ടിവരുന്നത്. ഈ സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ ഒഴിവുകളിലേക്ക് നിയമനം നടത്തിയാൽ അതിലേക്ക് വേണ്ടിവരുന്ന സാമ്പത്തിക ബാധ്യത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തന്നെ വഹിക്കേണ്ടിവരും ആയതിനാൽ പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അതാത് തദ്ദേശ ഭരണ സമിതിക്ക് അധികാരം നൽകാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly